പതിമൂന്നാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2617

19.07.2011-ൽ
മറുപടിയ്ക്ക്

സാമൂഹിക തിന്മകൾക്കെതിരെ നടപടി

ചോദ്യം

ശ്രീ.പി.ബി.അബ്ദുൾ റസാക്
ശ്രീ.എം.ഉമ്മർ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി
ശ്രീഎൻ.ഷംസുദ്ദീൻ

(എ) സാമ്പത്തിക തട്ടിപ്പുകൾ, മദ്യപാനം, ആത്മഹത്യ, പെൺവാണിഭം തുടങ്ങിയവ തടയുന്നതിനും ഇത്തരം കുറ്റങ്ങളിലേർപ്പെടുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ശിക്ഷ നൽകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

ഉത്തരം

ശ്രീ.ഉമ്മൻ ചാണ്ടി.
(മുഖ്യമന്ത്രി)

(എ) ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനു വേണ്ടി ഐ.പി.സി-യിലെ വിവിധ വകുപ്പുകൾ പ്രകാരം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റവാളികളെ കോടതിയിലെ ത്തിച്ചുവരുന്നു. സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്നവർ ക്കെതിരായി 420 ഐ.പി.സി- ആയും, മണി ചെയിൻ തട്ടിപ്പ് നടത്തുന്നവർക്കെതിരായി ദി പ്രൈസ് ചിട്ടി മണി റഗുലേഷൻ ആക്ട് 1978 പ്രകാരവും കേസ്സ് രജിസ്റ്റർ ചെയ്ത് വരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവർ ക്കെതിരെ എം.വി.ആക്ട് 185

| | | | |
|---|---|---|---|
| | | | പ്രകാരവും പരസ്യമായി മദ്യപിക്കുന്നവർക്കെതിരെ അബ്കാരി ആക്ട് 15(സി) പ്രകാരവും മദ്യവില്പനയും മദ്യക്കടത്തിനുമെതിരെ അബ്കാരി ആക്ടിലെ നിയമങ്ങൾക്കനുസരിച്ചും കേസ് രജിസ്റ്റർ ചെയ്ത് വരുന്നു. ആത്മഹത്യാ ശ്രമം നടത്തുന്നവർക്കെതിരെ 309 ഐ.പി.സി പ്രകാരവും, പെൺവാണിഭം തടയുന്നതിനായി ഇമ്മോറൽ ട്രാഫിക് പ്രോഹിബിഷൻ ആക്ട് പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്തു വരുന്നു. കൂടാതെ ജനമൈത്രി പോലീസ്, റസിഡൻസ് അസോസിയേഷൻ, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നു. |
| (ബി) | ഇക്കാര്യത്തിൽ സാംസ്ക്കാരിക നായകന്മാരുടെ സേവനം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. പരിശോധിയ്ക്കാവുന്നതാണ്. |
| (സി) | മുൻ സർക്കാരിന്റെ കാലത്തെ നടപടികൾ സാമൂഹ്യതിന്മകളുടെ വളർച്ചക്ക് കാരണമായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇതു സംബന്ധിച്ച് പല ആക്ഷേപങ്ങളും ഉള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർക്ക് എതിരെ ധ്യുതഗതിയിലുള്ള നടപടിയും കഠിന ശിക്ഷയും ഉറപ്പു വരുത്തുന്നതിന് പോലീസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.